File No: HC(G)-2518/2020/PrHQ

"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
0471-2342532
keralaprisons@gov.in

തീയതി : 15-02-2020

## സർക്കുലർ നം സർക്കുലർ നമ്പർ. 8

ദേശീയ മനുഷ്യാവകാശ കമ്മീഷൻ ജയിലുകൾക്കുള്ളിലെ ആത്മഹത്യ- ആത്മഹത്യാ ശ്രമത്തെ ഗൗരവത്തോടെ വിലയിരുത്തിയ ശേഷം അവ തടയുന്നതിനായി ചില നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. അതിനെ അധികരിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ജയിൽ വകുപ്പിലെ സ്ഥാപന മേധാവികളുടേയും ഉദ്യോഗസ്ഥരുടേയും ശ്രദ്ധയിൽപെടുത്തുന്നു.

1. ആവശ്യമായ മാനസിക പിന്തുണ നൽകുന്ന വിധമുള്ള ആശ്വാസകരമായ ബന്ധം തടവുകാരുമായി സൃഷ്ടിപരമായി വളർത്തിയെടുക്കുന്നതിന് ജയിൽ ജീവനക്കാർ മുൻഗണന നൽകണം. തടവുകാരുമായി അത്തരത്തിലുള്ള സൂക്ഷ്മനിരീക്ഷണത്തോടെയുള്ള ബന്ധങ്ങൾ വളർത്തിയെടുക്കത്തക്കവിധം ജീവനക്കാരുടെ ഡ്യൂട്ടിക്രമവും ഡ്യൂട്ടി സ്ഥലവും നിർണ്ണയിക്കാൻ ശ്രമിക്കണം.
2. ബന്ധുക്കളും സുഹൃത്തുക്കളുമടങ്ങിയ സമൂഹവുമായിട്ടുള്ള തടവുകാരൻറെ ബന്ധം ദൃഢമാക്കാൻ ശ്രദ്ധിക്കണം.
3. എല്ലാ തടവുകാർക്കും സൃഷ്ടിപരമായ പ്രവർത്തനങ്ങളായ തൊഴിൽ, വിദ്യാഭ്യാസം, യോഗ്യതയും പ്രാപ്തിയും തെളിയിക്കുന്ന പരിപാടികൾ എന്നിവയിൽ പങ്കെടുക്കാനുള്ള തുല്യ അവസരങ്ങൾ സൃഷ്ടിച്ചു കൊടുക്കണം.
4. ജയിലിലെ അന്തേവാസികളുടെ സാംസ്കാരികവും ധാർമ്മികവും ലിംഗപരവും ശിക്ഷാവിധിയുടെ സ്ഥിതിയും സംബന്ധിച്ചുള്ള വൈവിധ്യവും സൂക്ഷ്മമായി അപഗ്രഥിച്ചുള്ള പ്രവർത്തന രീതിയും പരിപാടികളുമായിരിക്കണം ജയിലിൻറെ നടത്തിപ്പിൽ സ്വീകരിക്കേണ്ടത്.
5. വിശാല വീക്ഷണത്തോടെയുള്ള തടവുകാരുടെ മാനസികാരോഗ്യ സേവനങ്ങൾക്ക് മുൻഗണന നൽകുകയും താഴെപ്പറയുന്ന വിഷയങ്ങൾ ഉൾക്കൊള്ളുകയും വേണം.
   a. തടവുകാരുടെ തരം തിരിവിനും വിലയിരുത്തലിനും ബഹുവിധമായി മാതൃകകൾ സ്വീകരിക്കുക
   b. യോഗ്യരായ മനോരോഗ വിദഗ്ധരുടെ സേവനം വഴി യോജ്യമായതും മതിയായതുമായ മാനസികാരോഗ്യ ചികിത്സയും ജയിലിനുള്ളിലെ നിർവ്വഹണ വിഭവങ്ങളുടെ ശരിയായ വിനിയോഗവും ഉറപ്പാക്കുക
   c. ഗൗരവമുള്ള മാനസിക രോഗത്തിന് ജയിലിതര മനോരോഗ ആശുപത്രിയിലെ ഇൻപേഷ്യൻറ് ചികിത്സയുടെ സൗകര്യം ഉറപ്പു വരുത്തുക
   d. ജയിലിലെ പൊതുധാരയിലേക്കും ആത്യന്തികമായി സമൂഹത്തിലേക്കും മടങ്ങിച്ചെല്ലത്തക്കവിധം തുടർച്ചയായ മാനസികാരോഗ്യ പരിപാലനത്തിന് പ്രത്യേക സൗകര്യവും ചികിത്സയും ഉറപ്പു വരുത്തുക
6. ആത്മഹത്യാ പ്രവണത സംബന്ധിച്ച പരിശീലനം സാധാരണ ജീവനക്കാർക്കും ഓഫീസർമാർക്കും നൽകേണ്ടതാണ്.
7. അനിശ്ചിതത്തവും മനസംഘർഷവും സൃഷ്ടിച്ചേക്കാവുന്ന ആത്മഹത്യാ ചിന്ത

കുറയ്ക്കുന്നതക്കവിധം ജയിലിലെ പ്രവേശന രീതികളും തടവുകാരുമായുള്ള ഇടപെടലുകളും പുന: പരിശോധിക്കുകയും സ്വയം മുറിവേൽപ്പിക്കലിനും ആത്മഹത്യ പ്രവണതയ്ക്കും ഇടവരുത്തുന്ന സാഹചര്യങ്ങൾ ലഘൂകരിക്കേണ്ടതുമാണ്.

8. ആത്മഹത്യ :

ജയിലന്തേവാസികളുടെ ആത്മഹത്യാ ശ്രമങ്ങൾ തടയുന്നതിന് സ്വീകരിക്കാവുന്ന നടപടികൾ എന്ന നിലയിൽ അതിനുള്ള മുന്നറിയിപ്പ് നൽകുന്ന താഴെപ്പറയുന്ന സൂചനകൾ കണ്ടെത്തേണ്ടതാണ്.

A. <u>സാന്ദർഭികമായ സൂചനകൾ</u>

1. സ്നേഹിക്കപ്പെട്ട ഒരാളിൻറെ സമീപകാലത്തുണ്ടായ വിയോഗം / അകൽച്ച
2. അപ്രതീക്ഷിതമായി ഇപ്പോൾ ലഭിച്ച ദീർഘകാല - ജീവപര്യന്തം ശിക്ഷ
3. പരോൾ കാര്യത്തിലുണ്ടായ തിരിച്ചടി
4. ഭരണ സൗകര്യാർത്ഥം നിയമപരമായി ഏർപ്പെടുത്തുന്ന ഏകാന്ത തടവു ശിക്ഷ ആരംഭിക്കുന്ന സമയം
5. ഗുരുതരമോ മരണാസന്നമോ ആയ രോഗാവസ്ഥ
6. ആത്മഹത്യയുടെ കുടുംബ ചരിത്രം
7. മുമ്പ് ആത്മഹത്യാ ശ്രമം നടത്തിയതിൻറെ ചരിത്രം
8. മനോരോഗ നിർണ്ണയം മൂലം പ്രത്യേക ശ്രദ്ധ ആവശ്യമായ അവസ്ഥ
9. പുറമേ നിന്ന് കത്തുകളോ സന്ദർശനമോ ഇല്ലാത്തതിനാൽ മാനസിക പിന്തുണയില്ലാതെ വരുന്ന സാഹചര്യം
10. സുഹൃത്തിൻറെയോ കുടുംബാംഗത്തിൻറേയോ സഹ അന്തേവാസികളുടെയോ ആത്മഹത്യ/ മരണം

B. <u>ധാരണാപരമായ / വൈകാരികമായ സൂചനകൾ</u>

1. താൻ ഒരു പരാജയമാണെന്ന വിശ്വാസം
2. ആശയറ്റതായോ അശരണമായതായോ ഉള്ള തോന്നൽ
3. ചെയ്ത തെറ്റിനെക്കുറിച്ചുള്ള ഗാഢമായ കുറ്റബോധം

C. <u>വ്യവഹാരപരമായ സൂചനകൾ</u>

1. വ്യക്തിപരമായി സൂക്ഷിച്ചു വന്നിരുന്ന പ്രിയപ്പെട്ട എന്തിൻറെയെങ്കിലും നഷ്ടം
2. മുമ്പ് പിൻതുടർന്നിരുന്ന സ്വഭാവരീതിയിൽ നിന്നുള്ള വ്യതിയാനം
3. ഒറ്റപ്പെടുന്നതു മൂലമുണ്ടാകുന്ന അവസ്ഥ
4. മറച്ചു വച്ചിരിക്കുന്ന ഔഷധ പ്രയോഗം/ മരുന്നുകൾ ഒളിപ്പിച്ചു വയ്ക്കുന്ന ശീലം
5. കരയുക, ഉറക്കമില്ലായ്മ അല്ലെങ്കിൽ വിഷാദ രോഗത്തിൻറെ മറ്റെന്തെങ്കിലും ലക്ഷണങ്ങൾ പ്രകടിപ്പിക്കുക
6. മറ്റ് അന്തേവാസികളിൽ നിന്നുണ്ടാകുന്ന പ്രകോപനപരമായ ആക്രമണം

D. <u>വാക്കാലുള്ള വൈകാരിക പ്രകടനം വഴിയുള്ള സൂചനകൾ</u>

1. " എനിക്കിങ്ങനെ തുടരാൻ വയ്യ "
2. " ഞാനെന്തിനാണ് ജീവിക്കുന്നത് "
3. " എനിക്കെന്താണെന്ന് ശ്രദ്ധിക്കാനാരുമില്ല "
4. " എൻറെ ജീവിതം തകർന്നു "
5. " എനിക്കാരുമില്ല "

ഇവയ്ക്ക് പുറമേ താഴെപ്പറയുന്ന മറ്റെന്തെങ്കിലും അപകടഘടകങ്ങൾ ഉണ്ടോയെന്ന് നിർണ്ണയിക്കേണ്ടതാണ്.

1. ഒരാൾക്ക് ആത്മഹത്യാ ചിന്തകൾ ഉണ്ടോയെന്നത്
2. ആത്മഹത്യ ചെയ്യുന്നതിനെക്കുറിച്ച് എന്തെങ്കിലും പദ്ധതികൾ ഉണ്ടോയെന്നത്
3. ആത്മഹത്യാ പദ്ധതി നടപ്പിൽ വരുത്തുന്നതിനായി എന്തെങ്കിലും നടപടികൾ

സ്വീകരിക്കുന്നുണ്ടോ എന്നത്

ശരി / അതെ -യെന്ന് ഉത്തരം ലഭിക്കുന്ന ചോദ്യങ്ങൾ ചോദിക്കാൻ ജയിലുദ്യോഗസ്ഥൻ മടിക്കുകയോ ഭയപ്പെടുകയോ ചെയ്യേണ്ടതില്ല

" നിങ്ങൾ ആത്മഹത്യയെപ്പറ്റി ചിന്തിക്കാറുണ്ടോ ? "

" നിങ്ങൾ സ്വയം മുറിവേൽപ്പിക്കാനാഗ്രഹിക്കുന്നുണ്ടോ ? "

" നിങ്ങൾ സ്വയം വേദനിപ്പിക്കാൻ താൽപര്യപ്പെടുന്നോ ? "

- ഒരാൾക്ക് ആത്മഹത്യ ചിന്തയുണ്ടെന്ന് നിങ്ങൾക്ക് തോന്നിയാൽ അതൊരു തരം മാനസികാസ്വാസ്ഥ്യമാണെന്ന് മനസ്സിലാക്കി അടിയന്തിരമായി രക്ഷാപദ്ധതിക്ക് വിദഗ്ധരുടെ സേവനം തേടേണ്ടതാണ്.
- ഏത് വിധത്തിലുള്ള ആത്മഹത്യാപ്രവണതയും അത്തരത്തിലുള്ള സൂചനയും ഗൗരവത്തോടെയെടുക്കുകയും പ്രത്യേക ശ്രദ്ധയും പരിചരണവും ആവശ്യമുണ്ടെന്ന് മനസ്സിലാക്കി പെരുമാറുകയും വേണം.
- ആത്മഹത്യാ ശ്രമം നമ്മുടെ ശ്രദ്ധ നേടാനോ കൂടുതൽ സൗകര്യം നേടാനോ കൂടുതൽ അംഗീകാരം നേടാനോ ആണെങ്കിൽ പോലും അത് ഒരു യഥാർത്ഥ ആത്മഹത്യാ ശ്രമമായി തന്നെ കണക്കിലെടുത്ത് വേണം ജയിലുദ്യോഗസ്ഥർ പെരുമാറേണ്ടതെന്ന് ഓരോരുത്തരെയും പ്രത്യേകം അറിയിക്കുന്നു.

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: എല്ലാ ജയിൽ സ്ഥാപന മേധാവികൾക്കും.

പകർപ്പ് : ഡി. ഐ. ജി. ഓഫ് പ്രിസൺസ്,
ഉത്തര മേഖല/ മദ്ധ്യ മേഖല/ ദക്ഷിണ മേഖല.